## ഉപരാഷ്ട്രപതിയുടെ റുവാണ്ട സന്ദർശനം (ഫെബ്രുവരി 19-21, 2017)

ഫെബ്രുവരി 16, 2017

ഇന്ത്യയുടെ ആദരണീയനായ ഉപരാഷ്ട്രപതി ശ്രീ എം ഹമീദ് അൻസാരി, ശ്രീമതി സൽമാ അൻസാരിക്കൊപ്പം ഫെബ്രുവരി19-21, 2017 ൽ റുവാണ്ട സന്ദർശിക്കുന്നു. അദ്ദേഹത്തോടൊപ്പം ആദരണീയനായ കേന്ദ്ര സോഷ്യൽ ജസ്റ്റിസ് & എംപവർമെന്റ് മന്ത്രി ശ്രീ വിജയ് സംപ്ല, നാല് പാർലമെന്റ് അംഗങ്ങൾ, ഉന്നത ഉദ്യോഗസ്ഥർ, മാധ്യമ പ്രതിനിധി സംഘവും ഉണ്ടായിരിക്കും

ഇന്ത്യാ-റുവാണ്ട ബന്ധങ്ങൾ , ഊഷ്മളവും , കാഴ്ചപ്പാടുകളിലെ യോജിപ്പും പ്രധാനപ്പെട്ട അന്താരാഷ്ട്ര വിഷയങ്ങളിലെ സഹകരണം, ഉഭയക്ഷി വ്യാപാരത്തിലും നിക്ഷേപ രംഗത്തെയും വർധിക്കുന്ന അവസ്ഥ, ജനങ്ങൾ തമ്മിൽ ഉള്ള മഹത്തായ ബന്ധങ്ങൾ , പരസ്പരമുള്ള ശക്തമായ ആദരം കൊണ്ടും വിശേഷപ്പെട്ടതാണ്. പ്രസിഡണ്ട് കഗാമേ ജനുവരി 9-11 , 2017 ൽ നടത്തിയ ഔദ്യോഗിക ഇന്ത്യാ സന്ദർശനത്തിൽ നമ്മുടെ പങ്കാളിത്തത്തെ തന്ത്രപ്രധാന തലത്തിൽ എത്തിക്കാമെന്ന് തീരുമാനിച്ചിരുന്നു

സന്ദർശനത്തിന്റെ ഭാഗമായി ആദരണീയനായ ഉപരാഷ്ട്രപതി റുവാണ്ടയുടെ ആദരണീയനായ പ്രസിഡണ്ട് , ആദരണീയനായ സെനറ്റ് പ്രസിഡണ്ട് എന്നിവരുമായി കൂടിക്കാഴ്ച നടത്തും . റുവാണ്ട സർവകലാശാലയെ അദ്ദേഹം അഭിസംബോധന ചെയ്യും. ആദരണീയനായ ഉപരാഷ്ട്രപതി ജെനോസൈഡ് മ്യൂസിയത്തിൽ ആദരാഞ്ജലി അർപ്പിക്കും . കിഗാലിയിലെ ഇന്ത്യൻ സമൂഹവുമായി അദ്ദേഹം ചർച്ചകൾ നടത്തുകയും റുവാണ്ട പ്രധാനമന്ത്രി ആതിഥ്യം അരുളുന്ന ഒരു വിരുന്നിൽ പങ്കെടുക്കുകയും ചെയ്യും.

ന്യൂ ഡെൽഹി
ഫെബ്രുവരി 16, 2017